**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1757** **11-10-2024 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള പോലീസ് അക്കാദമിയിൽ ആരംഭിച്ച സംസ്ഥാന പോലീസ് ഗവേഷണ കേന്ദ്രത്തെ കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രമായി അംഗീകരിച്ചിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അംഗീകരിച്ചിട്ടുണ്ട്. കേരള പോലീസ് അക്കാദമിയെ കാലിക്കറ്റ് സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനുള്ള അപേക്ഷ കേരള പോലീസ് അക്കാദമി ഡയറക്ടർ സമർപ്പിക്കുകയും അതേത്തുടർന്ന് കേരള പോലീസ് അക്കാദമിയിലെ ഗവേഷണ സൗകര്യങ്ങൾ വിലയിരുത്തുന്നതിനായി വൈസ് ചാൻസലർ റിസർച്ച് റെക്കഗ്നിഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റി, കേരള പോലീസ് അക്കാദമിയെ പോലീസ് സയൻസിൽ മൾട്ടി ഡിസിപ്ലിനറി റിസർച്ച് സെന്ററാക്കാൻ ശിപാർശ ചെയ്തു. 11.07.2024 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം റിസർച്ച് റെക്കഗ്നിഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് കേരള പോലീസ് അക്കാദമിയെ പോലീസ് സയൻസിൽ മൾട്ടി ഡിസിപ്ലിനറി റിസർച്ച് സെന്ററായി അംഗീകരിക്കുകയുണ്ടായി. 24.07.2024 മുതൽ 23.07.2029 വരെ കേരള പോലീസ് അക്കാദമിയെ പോലീസ് സയൻസിൽ മൾട്ടി ഡിസിപ്ലിനറി റിസർച്ച് സെന്ററായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; ധാരണാപത്ര പ്രകാരം എന്ന് വരെയാണ് ഇതിന് കാലാവധി നിശ്ചയിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | ഇതിനായി ധാരണാപത്രം തയ്യാറാക്കിയിട്ടില്ല. |
| (സി) | ഇപ്രകാരം കേരള പോലീസ് അക്കാദമിയും കാലിക്കറ്റ് സർവ്വകലാശാലയും സംയുക്തമായി തുടങ്ങിയ കോഴ്സുകൾ ഏതൊക്കെയാണ്; പ്രസ്തുത കോഴ്സുകളെല്ലാം നിലവിൽ തുടരുന്നുണ്ടോ; പുതിയ ബാച്ചുകൾ നടത്തുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (സി) | കേരള പോലീസ് അക്കാദമിയും കാലിക്കറ്റ് സർവ്വകലാശാലയും സംയുക്തമായി എം.എസ്.സി ഫോറൻസിക് സയൻസ് പ്രോഗ്രാം നടത്തിവരുന്നുണ്ട്. 2024-25 അധ്യയന വർഷത്തിൽ ആകെ 25 സീറ്റുകളിൽ 18 വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ